**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 15** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എ.എസ്. റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എം. വിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന ഭരണ നിർവ്വഹണ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്.) അട്ടിമറിക്കാനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** പുതിയ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ഫയലുകൾ പൊതുഭരണ വകുപ്പിൽ തടഞ്ഞു വെച്ചിരിക്കുകയാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മുൻ സർക്കാർ തീരുമാനിച്ചിരുന്ന ഡെപ്യൂട്ടേഷൻ റിസർവ് തസ്തികകളിലേക്കുള്ള നിയമന നടപടികൾ ചില സർവ്വീസ് സംഘടനാ നേതാക്കളുടെ സമ്മർദ്ദത്തിന് വഴങ്ങി മരവിപ്പിച്ചിരിക്കുകയാണെന്ന ആരോപണം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** രണ്ടാം ഘട്ട കെ എ എസ് നിയമനവുമായി ബന്ധപ്പെട്ട് 05.06.2023-ൽ ചേർന്ന യോഗത്തിൽ മുൻ സർക്കാർ കൈക്കൊണ്ട നയപരമായ തീരുമാനപ്രകാരം കെ.എ.എസ് കേഡർ സ്ട്രെങ്ത്തായ 105-ന്റെ 30% ആയി നിജപ്പെടുത്തി അഖിലേന്ത്യ സർവീസ് മാതൃകയിൽ KAS-ൽ പുതിയ ഡെപ്യൂട്ടേഷൻ റിസർവ്വ് രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് കേഡറിൽ ഉണ്ടായിരുന്ന ഒരു ഒഴിവും ഡെപ്യൂട്ടേഷൻ മുഖേന ഉണ്ടായ രണ്ട് ഒഴിവുകളും കൂടി ചേർത്ത് മൂന്നൊഴിവുകൾ നിലവിലുള്ളതായി e-വേക്കൻസി പോർട്ടൽ മുഖേന റിപ്പോർട്ട് ചെയ്യുകയും ശേഷിച്ച 28 ഒഴിവുകൾ ഡെപ്യൂട്ടേഷൻ മുഖേന പ്രതീക്ഷിക്കുന്നതായി 12.02.2025 -ലെ SPL-E3/122/2023-GAD നമ്പർ കത്ത് മുഖേന പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പി എസ് സി പരീക്ഷ നടപടിക്രമങ്ങൾ പൂർത്തിയാക്കി 30.01.2026-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

കെ.എ.എസ്. എൻട്രി ലെവൽ കേഡർ സ്ട്രെങ്ത് 105 ആയി ക്ലിപ്തപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ 30% ഡെപ്യൂട്ടേഷൻ റിസർവ് (31 തസ്തികകൾ) ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചാണ്, 12.02.2025-ൽ പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തത്. എന്നാൽ ഡെപ്യൂട്ടേഷൻ റിസർവ്വ് കേഡർ സ്ട്രെങ്ത്തിന്റെ ഭാഗമാകുമെങ്കിലും ഡെപ്യൂട്ടേഷനാൽ ഉണ്ടായ ഒഴിവ് temporary vacancy മാത്രമാണ് എന്നതിനാൽ അത് സ്ഥിര ഒഴിവായി കണക്കാക്കി പ്രസ്തുത ഒഴിവുകളിലേയ്ക്ക് പുതിയ നിയമനം നടത്തുവാൻ കഴിയില്ല. കാരണം KSR Part 1 ലെ Lien സംബന്ധമായ വ്യവസ്ഥകൾ പ്രകാരം, സ്ഥിര നിയമനം ലഭിച്ച ഉദ്യോഗസ്ഥന് തന്റെ സ്ഥിരസ്ഥാനത്ത് lien നിലനിൽക്കും. ടി ഉദ്യോഗസ്ഥന്റെ lien ഇല്ലാതാകുന്നില്ല; അതിനാൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് അദ്ദേഹം മടങ്ങിയെത്തുമ്പോൾ ആ സ്ഥാനത്ത് തിരിച്ചെത്താനുള്ള അവകാശവും നിലനിൽക്കുന്നു. പി എസ് സി മുഖേന നിയമനം നടത്തുന്നത് റിപ്പോർട്ട് ചെയ്ത സ്ഥിര/നിയമാനുസൃത ഒഴിവുകളിലേക്കാണ്. ഒരു lien-holder മടങ്ങിയെത്താൻ അവകാശമുള്ള സ്ഥാനത്തെ സ്ഥിര ഒഴിവായി കണക്കാക്കി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് നിയമാനുസൃതമല്ല.

29.07.2026-ലെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം മേൽ സാഹചര്യം വിശദമായി പരിശോധിക്കുകയും നിലവിലെ കെ പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്നും ഡെപ്യൂട്ടേഷൻ റിസർവ് സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ പ്രകാരം 31 കെ.എ.എസ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കില്ല എന്നും വിലയിരുത്തി.

കൂടാതെ IAS Appointment by Promotion Regulations, 1955-ന്റെ 2(j)(ii) വ്യവസ്ഥ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെയും മിഷനുകളിലെയും ഡെപ്യൂട്ടേഷൻ സേവനം ഐ.എ.എസ്. സ്ഥാനക്കയറ്റത്തിനായുള്ള 8 വർഷത്തെ ക്വാളിഫൈയിംഗ് സേവനമായി കേന്ദ്ര മന്ത്രാലയം അംഗീകരിക്കുമോ എന്നതിലും ആശങ്ക നിലനിൽക്കുന്നതിനാൽ മുൻ സർക്കാർ തീരുമാന പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെയും മിഷനുകളിലേയും തസ്തികകൾ ഉൾപ്പെടുത്തി ഡെപ്യൂട്ടേഷൻ റിസർവ്വ് രൂപീകരിക്കുവാനും ടി തസ്തികയിലേക്ക് നേരിട്ട് പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർഥികൾക്ക് നിയമനം നൽകുവാനും ചട്ടപ്രകാരം തടസ്സം നേരിടുന്നു.

മേൽ സാഹചര്യത്തിൽ, നിലവിലെ കെ പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്നും ഡെപ്യൂട്ടേഷൻ റിസർവ് സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ പ്രകാരം 31 കെ.എ.എസ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കില്ല എന്ന സാഹചര്യമാണ് നിലവിലുള്ളത്.

**(ഡി)** എങ്കിൽ ഫയലുകളിൽ അടിയന്തര തീർപ്പ് കൽപ്പിച്ച് സിവിൽ സർവീസ് പരീക്ഷകളിൽ ഉൾപ്പെടെ ഉന്നത വിജയം നേടി റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**